(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുനർവിന്യാസം വഴി മൂന്ന് മെഡിക്കൽ ഒഫീസർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ഓഫ്താൽമിക് അസിസ്റ്റന്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

153 [1629] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും വേണ്ടത്ര ഡോക്ടർമാർ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളിലും, ജില്ലാ താലൂക്ക് ആശുപത്രികളിലും പ്രാഥമിക, മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമായി ഇപ്പോൾ ആകെ എത്ര ഡോക്ടർമാരാണ് ഓരോ വിഭാഗം ആശുപത്രികളിലും ജോലി ചെയ്തുവരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) വിവിധ മെഡിക്കൽ ശാഖകളിൽ സ്പെഷ്യലൈസ് ചെയ്ത് സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്നവരുടെ ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ഡി) ഇപ്പോൾ അവധിയിൽ പ്രവേശിച്ച് സേവനരംഗത്തുനിന്നും വിട്ടുനിൽക്കുന്നവർ എത്രയാണ്;

(ഇ) വിവിധ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം സർക്കാർ സർവ്വീസിൽ ആകെ വേണ്ട ഡോക്ടർമാർ, നഴ്സ്, ഫാർമസിസ്റ്റ്, മറ്റു വിഭാഗം ജീവനക്കാർ എന്നിവരുടെ എണ്ണം വ്യക്തമാക്കുമോ;

(എഫ്) ഒഴിവുകളുടെ ആകെ എണ്ണവും ഇവ നികത്തുവാൻ സ്വീകരിച്ചുവരുന്ന നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ) ചില വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, മിനി പി.എച്ച്.സി.-കൾ. പി.എച്ച്.സി.-കൾ എന്നിവിടങ്ങളിലായി 3165 ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്തുവരുന്നു. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ആരോഗ്യവകുപ്പിൽ 368 ഡോക്ടർമാർ പല കാരണങ്ങളാൽ ഇപ്പോൾ അവധിയിലാണ്. മെഡിക്കൽ കോളേജുകളിലെ അവധിയിലുള്ള ഡോക്ടർമാരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ദിവസ വേതനത്തിലും, കരാർ അടിസ്ഥാനത്തിലും പി.എസ്.സി. മുഖേനയും, പ്രമോഷൻ വഴിയും ഒഴിവുകൾ നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

ഡോക്ടർമാരുടെയും നഴ്സുമാരുടെയും ഒഴിവുകൾ

154 [1630] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോഴത്തെ നിലയിൽ മെഡിക്കൽ കോളേജ്, മറ്റ് ആശുപത്രി എന്നിവിടങ്ങളിൽ എത്ര ഡോക്ടർമാരുടേയും നേഴ്സ്മാരുടേയും ഒഴിവുകൾ ഉണ്ടെന്ന വിവരം ജില്ലകൾ തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ പി.എസ്.സി. നിയമനമല്ലാതെ കരാർ അടിസ്ഥാനത്തിലും എംപ്ലോയ്മെന്റിൽ നിന്നും ദിവസവേതന വ്യവസ്ഥയിലും എത്രപേർ ജോലിചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) ഡോക്ടർമാരുടെയും നഴ്സ്മാരുടെയും ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ വിഭാഗത്തിന്റെ നിയമനത്തിന് പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly